കൊല്ലം ആർ. ടി. ഒ. ഓഫീസിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

119 [2256] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ആർ. ടി. ഒ. ഓഫീസിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തുമോ;

(ബി) കൊല്ലം ആർ. ടി. ഒ.-യുടെ പേരിൽ ഏതെങ്കിലും തരത്തിലുള്ള നടപടികൾക്കു മുന്നോടിയായി ചാർജ്ജ് മെമ്മോ നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത മെമ്മോകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ആർ. ടി. ഒ.-യെ തൽസ്ഥാനത്തുനിന്നും മാറ്റി നിർത്തി അന്വേഷണം നടത്തുമോ;

(ഇ) പ്രസ്തുത ആർ. ടി. ഒ. കൊല്ലത്ത് തൽസ്ഥാനം ഏറ്റെടുത്തതിനു ശേഷം സ്വകാര്യ ബസ്സുകൾക്ക് നൽകിയ താൽക്കാലിക പെർമിറ്റുകൾ പുനഃപരിശോധിക്കുമോ;

(എഫ്) ഈ ഉദ്യോഗസ്ഥൻ വരുമാനത്തിൽ കവിഞ്ഞു നേടിയ സമ്പാദ്യത്തെക്കുറിച്ച് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) കൊല്ലം ആർ. ടി. ഒ. ഓഫീസിനെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി, സി, ഡി) ഉണ്ട്. ഇപ്പോഴത്തെ ആർ.ടി.ഒ. എറണാകുളം ആർ.ടി.ഒ. ആയി ജോലി നോക്കവേ ലോക്കൽ അഡിറ്റ് റിപ്പോർട്ടിന് സമയബന്ധിത മായി മറുപടി നൽകാത്തതിന്റെ പേരിൽ ഗവൺമെന്റിൽനിന്നും ചാർജ്ജ് മെമ്മോ നൽകിയിട്ടുണ്ട്. ടിയാളെ തൽസ്ഥാനത്തു നിന്നും മാറ്റി നിർത്തി അന്വേഷണം നടത്തേണ്ട ആവശ്യമില്ല. നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ മെമ്മോയുടെ പകർപ്പുകൾ ലഭ്യമാക്കുവാൻ കഴിയുകയില്ല.

(ഇ) ഇപ്പോഴത്തെ ആർ. ടി. ഒ. താൽക്കാലിക പെർമിറ്റുകൾ നൽകിയതു മായി ബന്ധപ്പെട്ട പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(എഫ്) ഇപ്പോഴത്തെ ആർ. ടി. ഒ. വരുമാനത്തിൽ കവിഞ്ഞ് സ്വത്ത് സമ്പാദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൊടുങ്ങല്ലൂർ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്ററിലെ വെഹിക്കിൾ സൂപ്പർവൈസർക്കെതിരെ ലഭിച്ച പരാതി

120 [2257] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്ററിലെ വെഹിക്കിൾ സൂപ്പർവൈസർക്കെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ ഇതുവരെ നടപടി എടുക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഡി) വെഹിക്കിൾ സൂപ്പർവൈസർക്കെതിരെ വ്യാപകമായ പരാതികൾ നിലവിലുള്ള സാഹചര്യത്തിൽ ഇദ്ദേഹത്തെ സ്ഥലം മാറ്റാൻ തയ്യാറാകുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി, സി, ആൻറ് ഡി) പരാതിയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയിട്ടുണ്ട്.

മോട്ടോർ വെഹിക്കിൾസ് വകുപ്പിലെ എ. എം. വി. ഐ.മാരുടെ തസ്തികകൾ

121 [2258] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വെഹിക്കിൾസ് വകുപ്പിൽ എത്ര എ. എം. വി. ഐ.മാരുടെ തസ്തികകൾ നിലവിലുണ്ട്; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സോണൽ ഫ്ളയിംഗ് സ്ക്വാഡുകളിലായി എത്ര എ. എം. വി. ഐ. പോസ്റ്റുകൾ ഉണ്ട്; ഇതിൽ എത്ര പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മൊബൈൽ എൻഫോഴ്സ്മെൻറ് സ്ക്വാഡുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട് എന്നും ഇതിൽ എത്ര പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) വാഹന പരിശോധനകളും ലൈസൻസ് ടെസ്റ്റുകളും, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളും നൽകേണ്ട എ. എം. വി. ഐ.മാരുടെ എത്ര ഒഴിവുകൾ ആർ. ടി. ഒ. ഓഫീസുകളിലും ജോയിൻറ് ആർ. ടി. ഒ. ഓഫീസുകളിലും ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) എ. എം. വി. ഐ.മാരുടെ പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നതു മൂലം ടാക്സ് വെട്ടിപ്പും, പെർമിറ്റ് വയലേഷനും വ്യാപകമായതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഫലമായി പിരിഞ്ഞുകിട്ടേണ്ട നികുതി പകുതിയായി കുറഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) എ. എം. വി. ഐ.മാരുടെ - പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്ന് നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ജി) മോട്ടോർ വാഹന വകുപ്പിന്റെ കൈവശമുള്ള ബ്രേക്ക് അനലൈസർ, സ്പീഡ് ഗവേർണർ, എക്സ്ഹോസ്റ്റ് ഗ്യാസ് അനലൈസർ എന്നിവ ഉപയോഗശൂന്യമായി തുരുമ്പെടുത്ത് നശിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയെല്ലാം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly